PAN/163/2022-D5(DP)

പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം,
തീയതി : 04/01/2022

**സർക്കുലർ**

വിഷയം:- പഞ്ചായത്ത് വകുപ്പ് - തസ്വഭ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ബഹു ഓംബുഡ്സ്മാൻ കോടതി കേസുകളിൽ സെക്രട്ടറിമാർ ഹാജരാകുന്നതിന് നിർദ്ദേശം നൽകി സർക്കുലർ പുറപ്പെടുവിക്കുന്നു

പരാമർശം പഞ്ചായത്ത് ഡയറക്ടറുടെ നിർദ്ദേശം

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ബഹു .ഓംബുഡ്സ്മാൻ കോടതിയൽ നിലവിലുള്ള കേസുകളിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർ യഥാസമയം ഹാജരാകുന്നതിലും, വസ്തുതാ വിവരണപത്രികകൾ പേരും തസ്തികയും വ്യക്തമായി രേഖപ്പെടുത്തി ഒപ്പ് രേഖപ്പെടുത്തി സമർപ്പിക്കുന്നതിലും വീഴ്ച്ച വരുത്തുന്നതായികണ്ട് ബഹു. ഓംബുഡ്സ്മാൻ അതൃപ്തി രേഖപ്പെടുത്തിയ സാഹചര്യ ത്തിൽ ടി കേസുകളിൽ സെക്രട്ടറിമാർ ഹാജരാകുന്നതും വസ്തുതാ വിവരണപത്രികകൾ സമർപ്പിക്കുന്നതും സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കേണ്ടതായി കാണുന്നു. ആയതിലേക്ക് ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു

1 ,തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ബഹു. ഓംബുഡ്സ്മാനിൽ ഗ്രാമ പഞ്ചായത്തുകൾ കക്ഷിയായിട്ടുള്ള കേസുകളുടെ വിചാരണ വേളയിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർ നിർബന്ധമായും ഹാജരാകേണ്ടതാണ്.

2, ഒഴിച്ച്കൂടാനാകാത്ത സാഹചര്യങ്ങളിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്ക് ഹാജരാകാൻ സാധിക്കാത്ത പക്ഷം അസി. സെക്രട്ടറിയെയോ,തൊട്ടടുത്ത സൂപ്പർ വൈസറി ഓഫീസറെയോ അധികാരപത്രം നൽകി നിയമാനുസരണം ചുമതലപ്പെടുത്തേണ്ടതും ഹാജരാകുന്ന ഉദ്യോഗസ്ഥൻ പ്രസ്തുത അധികാരപത്രം ബഹു. ഓംബുഡ്സ്മാൻ മുമ്പാകെ ഹാജരാക്കേണ്ടതുമാണ്.

3, ഇത്തരം കേസുകളിൽ സമഗ്രമായ വസ്തുതാ വിവരണപത്രികകൾ സ്ഥല പരിശോധന നടത്തി തയ്യാറാക്കി അനുബന്ധ രേഖകൾ സഹിതം പേരും തസ്തികയും വ്യക്തമായി രേഖപ്പെടുത്തി ഒപ്പുരേഖപ്പെടുത്തി സമർപ്പിക്കേണ്ടതാണ്.

ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ് .

H. DINESHAN IAS
DIRECTOR OF PANCHAYATH

പകർപ്പ്

1) ദി രജിസ്ട്രാർ,തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ബഹു .ഓംബുഡ്സ്മാൻ (ആമുഖ കത്ത് സഹിതം)

1) പഞ്ചായത്ത് ഡയറക്ടറുടെ/പഞ്ചായത്ത് അഡിഷണൽ ഡയറക്ടറുടെ/

പഞ്ചായത്ത് ജോയിന്റ് ഡയറക്ടർമാരുടെ സി.എ മാർക്ക്
2) എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
3) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്,പഞ്ചായത്ത് ഡയറക്ടറേറ്റ്
4) എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും
(പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ മുഖേന)